[ശ്രീ. വി. പി. സി. തങ്ങൾ]

സഹായങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. അതിൽ അവിടെയുള്ളവർ ഈ ഗവണ്മെൻറിനോട് നന്ദിയുള്ളവരാണ്. ഏതായാലും എനിക്ക് പറയുവാനുള്ളത് ഇനി മേലാൽ ഇങ്ങനെ തീപിടുത്തം ഉണ്ടാകാതിരിക്കുന്നതിനു് ആവശ്യമായ നടപടികൾ ഗവണ്മെൻറിൽനിന്നും എടുക്കണമെന്നാണ്. ഇതിനുമുമ്പ് ഇക്കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയതിൻറെ ഫലമായി അവിടെ ഒരു ഫയർഇൻജിൻ സ്റ്റേഷൻ സ്ഥാപിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ട്. പക്ഷേ അങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും അതിൻറെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഏതാനും ദിവസങ്ങൾക്കുമുമ്പ് കോഴിക്കോട് റീജിനൽ ഫയർ ഇൻജിൻ ആഫീസർ പൊന്നാനിയിൽ വരികയും അവിടെവച്ച് എന്നെ കാണുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അവിടെ വന്നതു് ഫയർ ഇൻജിൻ നിറുത്തുന്നതിനുള്ള സ്ഥലം നോക്കുന്നതിനും മറ്റുമാണ്. താൽക്കാലികമായി അതിലേക്കാവശ്യമുള്ള ഒരു വണ്ടി പുതിയതായി തയാറാക്കിയിട്ടുണ്ട്. അതിൽ പ്രവർത്തനത്തിനാവശ്യമുള്ള ആളുകൾക്ക് പരിശീലനം കൊടുത്തിട്ടുള്ളതായി അദ്ദേഹത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അടുത്തമാസം 1-ാംതീയതിയോടുകൂടി അതു് അവിടെ സ്ഥാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതു്. അദ്ദേഹത്തിനു് അതു് ഉറപ്പു പറയാൻ സാധിച്ചിട്ടില്ല. ഏതായാലും അവിടെ ഏറ്റവും വേഗത്തിൽതന്നെ വണ്ടി നിറുത്തുന്നതിനുള്ള ഏർപ്പാടുകൾ അടിയന്തിരമായിട്ടെടുക്കണമെന്നു് ഞാൻ ഗവണ്മെൻറിനോട് അപേക്ഷിക്കുകയാണ്. അവിടെ ഇനി മേലാൽ ഒരു തീപിടുത്തം ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെൻറിൽനിന്നും എടുക്കേണ്ടതാണ്. അവിടെ ഒരു സെൻറിനുള്ളിലും രണ്ട് സെൻറിനുള്ളിലും ഒതുങ്ങി താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സെറ്റിൽമെൻറ് സ്കീം പ്രകാരമോ, കോളനൈസേഷൻ സ്കീം പ്രകാരമോ ഉള്ള വീടുകൾ വെച്ചുകൊടുക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ ബഹുമാനപ്പെട്ട ഗവണ്മെൻറിൽനിന്നു് എടുത്തു് അവിടെയുണ്ടാകുന്ന തീപിടുത്തത്തിനു് ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കണമെന്നു് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കുഞ്ഞമ്പു : ഇതിനു് നാളെ മറുപടി പറയാം.

Mr. Speaker: There is another notice under Rule 61 by Shri E. P. Gopalan regarding the huge damages caused to the forests in North Waynad, Parambikulam, Attappady etc. That is not a matter to be discussed in the Assembly. So I pass on to the concerned Minister for necessary action.

PAPERS LAID ON THE TABLE.

Minister for Public Health (**Shri M. P. Govindan Nair**): Sir, on behalf of the Minister for Industries and Local Administration, I lay on the table :

(a) A copy of Notification G. O. MS. 65/64/DD dated 1st February, 1964 (S. R. O. No. 30/64) issued by the Government under Sub-section (1) of Section 344 and Sub-section (1) of Section 346 of the Kerala Municipalities Act, 1960 (Act 14 of 1961) containing amendment to rule 7 of the Rules regarding proceedings of the Council in Schedule I to the said Act.

(b) A copy of Notification G. O. M. S. 88/64/DD dated 12th February 1964 (S. R. O. No. 38/64) issued by the Government under Section 344 of the Kerala Municipalities Act, 1960 (Act 14 of 1961) containing amendments to the Kerala Municipalities (Moving of Resolutions at Council Meeting) Rules, 1961.

LIBRARY ARCHIVES Kerala Legislative Assembly